# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 412 – 29/11/2018 -ലെ മറുപടിക്ക്

## പ്രളയാനന്തരമുള്ള പുനർനിർമ്മാണ പ്രക്രിയ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. സജി ചെറിയാൻ<br>ശ്രീ. കെ. ബാബു<br>ശ്രീ. വി. അബ്ദുറഹിമാൻ | ഡോ. ടി. എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | പ്രളയാനന്തരമുള്ള പുനർനിർമ്മാണ പ്രക്രിയ സുഗമമാക്കുന്നതിന് ഏതെല്ലാം തരത്തിലുള്ള വിഭവ സമാഹരണം നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ | പ്രളയക്കെടുതി മുഖാന്തിരം സംസ്ഥാനത്തിനുണ്ടായ ആഘാതത്തെ അതിജീവിക്കുന്നതിനായും നവകേരള സൃഷ്ടിയ്ക്കായും വിഭാവനം ചെയ്യുവരുന്ന ബൃഹത്തായ പദ്ധതികൾക്കായുള്ള വിഭവ സമാഹരണത്തിനായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19 ൽ ജി.എസ്.ഡി.പി-യുടെ 3 ശതമാനത്തിൽ നിന്നും 4.5 ശതമാനമായും 2019-20 ൽ 3.5 ശതമാനമായും ഉയർത്തണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനാവശ്യമായ വായ്പ സമാഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ ലോകബാങ്ക് പ്രതിനിധികളുമായി ചർച്ച നടത്തി വരികയാണ്. നിലവിൽ ലോകബാങ്ക് സഹായ പദ്ധതികളായ KSTP, NCRMP എന്നീ പദ്ധതികളിലായി ചെലവഴിക്കാൻ കഴിയാതെ വരുന്ന 400 കോടിയോളം രൂപ പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന് അനുവദിക്കണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | |
|---|---|---|
| | | ആയതിന്മേൽ തുടർനടപടികൾ കൈക്കൊള്ളുവാൻ കേന്ദ്ര സർക്കാർ ലോകബാങ്കിനോട് ശുപാർശ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്കു മേൽചുമത്തുന്ന ജി.എസ്.ടി യ്ക്ക് മേൽ 10% സെസ്സ് ഏർപ്പെടുത്തുവാൻ അനുവദിക്കണമെന്നും കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ RIDF, NIDA, HUDCO എന്നിവിടങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നതിനും LSGI വികസന ഫണ്ടിൽ നിന്നുള്ള തുകയും പദ്ധതി വെട്ടിച്ചുരുക്കുന്നതിലൂടെ ലഭിക്കുന്ന തുകയും വിനിയോഗിക്കുന്നതിനും ഉദ്ദേശിക്കുന്നു. |
| ബി | വിഭവ സമാഹരണത്തിനായി പൊതു-സ്വകാര്യ പങ്കാളിത്ത പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; | സംസ്ഥാനത്തുണ്ടായ വെള്ളപ്പൊക്ക ദുരിതത്തിന്റെ പശ്ചാത്തലത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും/ സ്പോൺസർ ചെയ്യുന്നതിനും, കേടുപാടുകൾ പറ്റിയ വീടുകൾ, പൊതു അടിസ്ഥാന സൗകര്യങ്ങൾ, ടൗൺഷിപ്പുകൾ തുടങ്ങിയവ പുനർനിർമ്മിക്കുന്നതിനും വിവിധ കമ്പനികൾ, ഗ്രൂപ്പുകൾ, വ്യക്തികൾ തുടങ്ങിയവരിൽ നിന്നും ശുപാർശകൾ ലഭിച്ചു വരുന്നുണ്ട്. ഈ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് വ്യക്തികൾ, വ്യക്തിഗ്രൂപ്പുകൾ, സ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ, വിദേശികൾ, എൻ.ആർ.ഐ-കൾ തുടങ്ങിയവരിലൂടെ പുനർനിർമ്മാണ സംരംഭങ്ങൾ ആരംഭിയ്ക്കുന്നതിന് ഒരു ക്രൗഡ്ഫണ്ടിംഗ് മോഡൽ ചട്ടക്കൂട് സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. |
| സി | ഇതിനായി സംസ്ഥാനത്ത് നികുതി ഘടനയിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; | പ്രളയ ദുരന്തവുമായി ബന്ധപ്പെട്ട് അധിക വിഭവ സമാഹരണത്തിനായി എസ്.ജി.എസ്.ടി-ക്ക് പുറത്ത് 10% സെസ്സ് ഏർപ്പെടുത്തുന്നതിന് അനുമതി ആവശ്യപ്പെട്ട് സംസ്ഥാനം കേന്ദ്രത്തെ സമീപിച്ചിരുന്നു. ജി.എസ്.ടി |
| ഡി | പുനർനിർമ്മാണത്തിനുള്ള മൂലധന ചെലവുകൾക്ക് പണം കണ്ടെത്താൻ | |

| | | |
|---|---|---|
| | അഖിലേന്ത്യാ അടിസ്ഥാനത്തിൽ ജി.എസ്.ടി.യിൽ സെസ് ചുമത്തുന്ന കാര്യം പരിഗണിക്കുമെന്ന് കേന്ദ്ര സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | നടപ്പിലായതിനെ തുടർന്ന് സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി ജി.എസ്.ടി കോമ്പൻസേഷൻ നിയമ പ്രകാരം നോട്ടിഫൈ ചെയ്യുന്ന ചരക്കുകളിന്മേലും സേവനത്തിന്മേലും സെസ്സ് പിരിക്കാൻ കേന്ദ്രത്തിന് അധികാരമുണ്ട്. |
| ഇ | ഇപ്രകാരം പ്രത്യേക സെസ് ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതിനായി മന്ത്രിതല സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | ജി.എസ്.ടി കൗൺസിലിന്റെ അനുമതി ലഭ്യമാകുകയാണെങ്കിൽ ജി.എസ്.ടി നിയമത്തിൽ ഭേദഗതി വരുത്തി ജി.എസ്.ടി-ക്ക് പുറത്ത് സെസ്സ് ഏർപ്പെടുത്തുന്നതിനുള്ള നിയമഭേദഗതി കൊണ്ടുവരാവുന്നതാണ്. സംസ്ഥാനത്തിന്റെ ആവശ്യപ്രകാരം, എസ്.ജി.എസ്.ടി-ക്ക് പുറത്ത് സെസ്സ് ഏർപ്പെടുത്തുന്ന കാര്യം മുപ്പതാം ജി.എസ്.ടി കൗൺസിൽ ചർച്ച ചെയ്യുകയും ഇതിനെപ്പറ്റി പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി ബീഹാർ ഉപമുഖ്യമന്ത്രി ശ്രീ. സുശീൽകുമാർ മോഡി അദ്ധ്യക്ഷനായ ഒരു മന്ത്രിതല സമിതി രൂപീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. ഈ കമ്മിറ്റിയിൽ കേരള ധനകാര്യ വകുപ്പ് മന്ത്രിയും അംഗമാണ്. ഈ മന്ത്രിതല സമിതി അതിന്റെ ആദ്യ യോഗം 15/10/2018-ൽ ചേരുകയുണ്ടായി. ഇതിനെ തുടർന്ന് കേരളത്തിന്റെ ആവശ്യത്തോട് എല്ലാ സംസ്ഥാനങ്ങളുടേയും അഭിപ്രായം കേന്ദ്രം ആരാഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ